എമ്മാവൂസ് വചനദൂത്
Vol. IX Issue :10

# മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ



**യോഹ 2: 2–11**

ബ്രദർ സുരേഷ് പട്ടേട്ട്

ഒരിക്കൽ ഒരു ഗുരുവിന്റെ പക്കൽ അദ്ദേഹത്തിന്റെ ശിഷ്യൻ സംശയവുമായി ചെന്നു. ദൈവം എല്ലായിടത്തുമുണ്ടല്ലോ, പിന്നെ എന്തിനാണ് എല്ലാവരും ദൈവാലയത്തിൽ പോകുന്നത്. ശിഷ്യന്റെ ചോദ്യത്തിന് ഗുരു ഉത്തരം നൽകിയത് ഒരു മറുചോദ്യമുന്നയിച്ചുകൊണ്ടായിരുന്നു.

കാറ്റ് എല്ലായിടത്തുമുണ്ടല്ലോ. എന്നിട്ടും മരത്തണലിലെ കാറ്റുകൊള്ളാൻ പിന്നെ നാമെന്തിനാ ശ്രമിക്കുന്നത്?

ശരിയാ.. ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന പലതരത്തിലുള്ള കാറ്റിനേക്കാളും, ടെക്നോളജിയുടെ സഹായത്തോടെ കൃത്രിമമായി നിർമ്മിച്ചെടുക്കുന്ന എ.സി.യുടെയും ഫാനിന്റെയും കാറ്റിനേക്കാളും, ശുദ്ധതയും കുളിർമ്മയും ഉണർവ്വും പകരാൻ കഴിവുള്ളതാണ് ഒരു മരത്തണൽ നമുക്ക് പ്രദാനം ചെയ്യുന്ന ഇളംകാറ്റ്.. ഇതുപോലെ തന്നെയാണ്, തിന്മ നിറഞ്ഞ, കോലാഹലങ്ങൾ നിറഞ്ഞ ചന്തസ്ഥലവും, നിരന്തരം പ്രാർത്ഥനകളും ആരാധനയുമൊക്കെ നടക്കുന്ന ദൈവാലയവും, തമ്മിലുള്ള വേർതിരിവ്. പ്രപഞ്ചം മുഴുവൻ ദൈവസാന്നിധ്യത്തിന്റെ ഇടങ്ങളും, കാണുന്നതൊക്കെയും ദൈവദർശനങ്ങളും, കേൾക്കുന്നതെല്ലാം ദൈവസ്വരങ്ങളുമായി മാറുന്നതുവരെ ഈ പ്രപഞ്ചത്തിന് ദേവാലയങ്ങൾ ആവശ്യമാണ്.

എല്ലായിടത്തും, എല്ലാവരിലും ദൈവസാന്നിധ്യം ദർശിച്ച് സ്വന്ത ഹൃദയത്തിലും ഉദരത്തിലും ദൈവത്തിന് വാസം ചെയ്യാൻ ഇടമൊരുക്കിയ, പൂർണ്ണമായും ദൈവാലയമായി മാറിയ നസ്രത്തിലെ ആ കൊച്ചുപെൺകുട്ടിയെ ദൈവം സ്വർഗ്ഗത്തിൽ തന്റെ നിത്യമായ ആലയത്തിൽ ഏറ്റവും മഹനീയമായ സ്ഥാനം നൽകി ഉയർത്തിയതിന്റെ പാവന സ്മരണ തിരുസഭ ഇന്ന് ആഘോഷപൂർവ്വം കൊണ്ടാടുന്നു. സന്തോഷത്തിന്റെ ഈ വേളയിൽ ഏവർക്കും ഏറെ സ്നേഹത്തോടെ പരി. കന്യമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിന്റെ മംഗളങ്ങൾ നേരുന്നു.

സ്വർഗ്ഗം വിട്ട് ഭൂമിയിലേക്കിറങ്ങിവന്ന ദൈവകുമാരന് വസിക്കാൻ, തന്റെ ഉദരത്തെ സ്വർഗ്ഗമാക്കി

ത്തീർത്തവൾക്ക് ഇന്ന് സ്വർഗ്ഗത്തെ പൂർണ്ണമായി നൽകിക്കൊണ്ട് അവിടുന്ന് അമ്മയെ സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും രാജ്ഞിയായി ഉയർത്തിയിരിക്കുന്നു. ആ അമ്മയുടെ മക്കളായ നാമോരുരുത്തരും ഏറെ സന്തോഷിക്കേണ്ട പുണ്യസുദിനമാണിന്ന്. എന്തുകൊണ്ടെന്നാൽ ഈ ഭൂമിയിലായിരിക്കുന്ന നമുക്ക് ഏറെ എളുപ്പത്തിൽ സ്വർഗ്ഗത്തിലെത്തിച്ചേരാനുള്ള വഴികാട്ടിയും അതിലുപരി ഏറ്റവും നിർമ്മലമായ മാതൃസ്നേഹത്തോടെ നമ്മെ സ്വർഗ്ഗത്തിനനുയോജ്യരായി വളർത്തുകയും ചെയ്യുന്ന പരി.കന്യകാമറിയത്തിന്റെ സ്വർഗ്ഗത്തിലെ ജന്മദിനമാണ് ഇന്ന് എന്നതിൽ നമുക്കാനന്ദിക്കാം.

പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷപൂർവ്വം കൊണ്ടാടുന്ന ഈ വേളയിൽ പരി. അമ്മയ്ക്ക് എന്നോടും നിന്നോടും ചോദിക്കുവാൻ ഒരു കാര്യമേയുള്ളൂ. തന്റെ പുത്രൻ കുരിശിലെ ബലിയാൽ വലിയ വിലകൊടുത്ത് സ്വന്തമാക്കിയ സ്വർഗരാജ്യമെന്ന ആ അമൂല്യനിധി നമുക്കും സ്വന്തമാക്കേണ്ടേ?

ഒരുപക്ഷേ നമ്മൾ ചോദിച്ചേക്കാം ഈ ലോകത്തിൽ ജീവിക്കുന്ന എനിക്ക് ഈ ലോകത്തിന്റേതായ എല്ലാ ബന്ധനങ്ങളുടെയുമിടയിൽ എങ്ങനെ ഇതു സാധിക്കും എന്ന്? സ്നേഹമുള്ളവരേ, നാമൊക്കെ ഇന്ന് ജീവിക്കുന്ന ഈ ലോകത്തിൽത്തന്നെ ദൈവത്തിനായി മാത്രം ജീവിതം മാറ്റിവച്ച, ദൈവത്തിൽ മാത്രം ദൃഷ്ടിയുറപ്പിച്ച് ജീവിച്ച പരി. അമ്മ തന്നെ നമ്മെ പഠിപ്പിച്ചുതരും എങ്ങനെ നമുക്ക് ഈ സ്വർഗ്ഗം നേടാമെന്ന്. തന്റെ ശരീരത്തെ പൂർണ്ണമായും ദൈവാലയമാക്കി മാറ്റിയവളാണ് പരി. അമ്മ. തന്റെ ജനനം മുതൽ മരണം വരെ അവളുടെ ഹൃദയത്തിലും മനസ്സിലും ദൈവം മാത്രമായിരുന്നു. കുഞ്ഞുനാൾമുതൽ ദൈവാലയത്തിൽ വസിച്ച ആ കൊച്ചു പെൺകുട്ടി തന്റെ ശരീരത്തെയും മനസിനെയും മറ്റൊരു ദൈവാലയമാക്കി മാറ്റിയപ്പോൾ ദൈവദൂതൻ അവളുടെയടുക്കൽ വന്നു ചോദിച്ചു. ദൈവകുമാരന് വന്നുപിറക്കാൻ ഒരിടം തരാമോ? മറ്റാർക്കും വേണ്ടി മാറ്റിവയ്ക്കപ്പെടാത്ത പരിശുദ്ധമായ സ്ഥലം.

ഇതുപോലെ നമ്മുടെ ജീവിതത്തിലും ആ ദൈവത്തിന് വസിക്കാൻ പരിശുദ്ധവും നിർമ്മലവും മറ്റാർക്കും വേണ്ടി സമർപ്പിക്കപ്പെടാത്ത ഒരു ഹൃദയവും നാം മാറ്റിവച്ചിട്ടുണ്ടെങ്കിൽ നാമും സ്വർഗ്ഗരാജ്യത്തിൽനിന്ന് ഏറെ അകലെയല്ല.

രണ്ടാമതായി മറിയം ചെയ്തത്, തന്റെ ജീവിതത്തിലുടനീളം ദൈവസ്വരത്തിന് കാതോർത്ത്, ദൈവവചനത്തെ ഹൃദയത്തിൽ സംഗ്രഹിച്ച്, വചനം ജീവിതത്തിൽ പ്രാവർത്തികമാക്കി. ഇപ്രകാരം ജീവിച്ചപ്പോൾ ജീവിതത്തിൽനിന്നും പാപത്തെയും പാപസാഹചര്യങ്ങളെയും പടിയിറക്കുവാൻ സാധിച്ചു. അവളുടെ ഹൃദയത്തെ പുണ്യങ്ങളാൽ അലങ്കരിച്ചപ്പോൾ അവളുടെ ഉദരത്തിൽ ദൈവം വന്നു വസിച്ചു.

ഇന്ന് നമ്മുടെയും അനുദിന ജീവിതത്തിൽ ഓരോ നിമിഷങ്ങളിലും ദൈവസ്വരത്തിന് കാതോർക്കുവാൻ, ദൈവവചനം വായിക്കുവാനും അവ ഹൃദയത്തിൽ സംഗ്രഹിച്ച് കേട്ടവചനത്തിനനുസരിച്ച് ജീവിതത്തെ രൂപപ്പെടുത്തുവാൻ നാം അവസരം ഒരുക്കാറുണ്ടോ? അങ്ങനെയെങ്കിൽ അമ്മയുടെ ജീവിതത്തിൽ അവൾ നേടിയെടുത്ത കൃപാവര പൂർണ്ണതയിൽ നാമും വളരും. നമുക്ക് നമ്മുടെ ഹൃദയങ്ങളെ ഒരു പുനർവിചിന്തനത്തിന് വിധേയമാക്കാം.

പരി. അമ്മയിൽ വന്ന് വസിച്ച പരി.ആത്മാവാണ് രക്ഷകന്റെ അമ്മയാകുവാൻ തക്കവിധത്തിൽ കൃപാവരങ്ങൾ നൽകി ദൈവത്തിന് ഏറ്റവും അനുയോജ്യമായ വാസസ്ഥലമായി മറിയത്തെ ഉയർത്തിയത്. നമ്മിലും പരി. ആത്മാവിന്റെ നിറവ് പൂർണ്ണമാകുമ്പോൾ, അവിടുത്തെ ശക്തിയാൽ നിറഞ്ഞു കഴിയുമ്പോൾ നാമും ഇപ്രകാരം ദൈവസ്നേഹത്തിലും ദൈവീക പുണ്യങ്ങളിലും വളരും. ഉത്ഭവ പാപമേശാതെ ജനിച്ച അമ്മ തന്റെ ജീവിതത്തിലുടനീളം കർമ്മപാപത്തിന്റെ എല്ലാവിധ മാലിന്യങ്ങളിൽനിന്നും തന്റെ ശരീരത്തെയും മനസിനെയും കാത്തുസൂക്ഷിച്ചു. മാമ്മോദീസായിലൂടെ ദൈവമക്കളുടെ സ്ഥാനത്തേക്കുയർത്തപ്പെട്ട നമുക്കും പുണ്യപൂർണ്ണമായ ജീവിതത്തിലൂടെ നമ്മുടെ ഹൃദയത്തെയും മനസ്സിനെയും ശരീരത്തെയും ദൈവത്തിന് നിർമ്മലമായ വാസസ്ഥലമായി ഒരുക്കുവാൻ, അങ്ങനെ ഈ കൊച്ചുജീവിതത്തിൽ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ജീവിക്കുവാൻ നമുക്ക് സാധിക്കട്ടെ. അപ്പോൾ ദൈവം നമ്മിൽ വസിക്കും. നാമോരോരുത്തരും കണ്ടുമുട്ടുന്നവരിൽ ദൈവസാന്നിധ്യം ചൊരിയുന്ന ദൈവാലയങ്ങളായി മാറും. കൃപാവര പൂരിതയായ പരി. അമ്മയിൽ നിറഞ്ഞുനിന്ന പരി.ആത്മാവിന്റെ നിറവിൽ നമുക്കും ഇന്നു മുതൽ അമ്മയുടെ മധ്യസ്ഥത തേടി പ്രാർത്ഥിക്കാം. ഓർക്കുക പരി. കന്യകാമറിയം എന്നും നമുക്ക് ഉത്തമ മധ്യസ്ഥയാണ്. തന്റെ പുത്രനോട് ചേർന്നു നിൽക്കുന്നവരെ അവൾ ഏത് ആവശ്യങ്ങളിലും ഓടിയെത്തി ആശ്വാസമേകുന്ന മാതൃവാത്സല്യത്തിനുടമയാണവിടുന്ന്.

കുരിശിൻ ചുവട്ടിൽവച്ച് തന്റെ അമ്മയെ ലോകത്തിനു മുഴുവൻ അമ്മയായി നൽകിയതുമുതൽ അവൾ നമുക്ക് അമ്മയായി. സ്വർഗ്ഗത്തിൽ എല്ലാ ആധ്യാത്മിക വരങ്ങളുടെയും ഉറവിടവും സൂക്ഷിപ്പുകാരിയുമായി സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി നമ്മെ ഓരോരുത്തരേയും കാത്തിരിക്കുന്ന അമ്മയോടൊപ്പം നിത്യാനന്ദമനുഭവിക്കുവാൻ നമുക്കും പ്രാർത്ഥിക്കാം. അമ്മേ എന്നേയും സ്വർഗ്ഗത്തിൽ ചേർക്കണമേ.

ആമേൻ